**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 464** **23-02-2022 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര ബജറ്റിന്റെ പരിഗണനക്കായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2022-23 കേന്ദ്ര ബജറ്റിന്റെ പരിഗണനക്കായി സംസ്ഥാന സർക്കാർ ഏതൊക്കെ പദ്ധതികളാണ് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കോവിഡ് മഹാമാരിയെ തുടർന്നുണ്ടായിട്ടുള്ള സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായും സംസ്ഥാന സമ്പദ്ഘടനയെ പുനഃരുജ്ജീവിപ്പി- ക്കുന്നതിനായും കേന്ദ്ര ബജറ്റിൽ പ്രത്യേക സഹായ പാക്കേജുകൾ ഉൾപ്പെടുത്താൻ കേന്ദ്ര ധനകാര്യ മന്ത്രിയുമായി നടന്ന കേന്ദ്ര ബജറ്റിന് മുന്നോടിയായിട്ടുള്ള (Pre -Budget Speech) യോഗത്തിൽ ധനകാര്യ മന്ത്രി ആവശ്യപ്പെട്ടിരുന്നു. കൂടാതെ, സംസ്ഥാനങ്ങളുടെ സമ്പദ് വ്യവസ്ഥയ്ക്ക് പൊതുവിൽ ഗുണകരമാവുന്ന ചില നടപടികളും കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്തുന്നതിനായി മുന്നോട്ട് വച്ചിരുന്നു. കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാനം കേന്ദ്ര സർക്കാരിന്റെ മുമ്പാകെ സമർപ്പിച്ച പ്രധാനപ്പെട്ട ആവശ്യങ്ങൾ ചുവടെ ചേർക്കുന്നു. സമ്പദ് വ്യവസ്ഥയെ പുന:രുജീവിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ കൈകൊണ്ട ഉത്തേജന നടപടികളെ വേണ്ടവിധം പിന്തുണക്കുന്നതിനായി ഒരു പ്രതേക ഉത്തേജന പാക്കേജ് കേന്ദ്ര ബജറ്റിൽ പ്രഖ്യാപിക്കുക കോവിഡ് -19 കാരണം മടങ്ങി വരുന്ന പ്രവാസികൾക്ക് പ്രത്യേക പാക്കേജ് ജി.എസ്.ടി നഷ്ടപരിഹാരം 5 വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുക. കേന്ദ്ര ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള സംസ്ഥാന വിഹിതത്തിൽ (inter se share) ഉണ്ടായിട്ടുള്ള കുറവ് നിമിത്തം വരുമാനത്തിലുണ്ടായ നഷ്ടം നികത്തൽ. പെട്രോൾ-ഡീസൽ സെസും സർചാർജ്ജും യുക്തി സഹമാക്കുക. അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി വിദേശ ഏജൻസികളിൽ നിന്ന് കേന്ദ്ര സർക്കാർ മുഖേന ലഭ്യമാക്കുന്ന ബാഹ്യ സഹായ പദ്ധതികൾക്കുള്ള (Externally Aided Projects) വായ്പകൾ നടപ്പുസാമ്പത്തിക വർഷത്തിലേക്കും അടുത്ത രണ്ട് വർഷത്തേക്കും സംസ്ഥാനത്തിന്റെ വായ്പാ പരിധിക്ക് പുറത്ത് |

| | | | |
|---|---|---|---|
| | | | അനുവദിക്കുക. കേന്ദ്രവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്രവിഹിതം വർദ്ധിപ്പിക്കുക. 60:40 അനുപാതത്തിൽ നടപ്പിലാക്കുന്ന National Health Mission 100% കേന്ദ്രാവിഷ്കൃത പദ്ധതിയാക്കുക. സംസ്ഥാനത്തിന്റെ മുൻനിര പദ്ധതികളായ സിൽവർലൈൻ ഉൾപ്പെടെയുള്ള പദ്ധതികൾക്ക് പിന്തുണയും അനുമതിയും നൽകുക. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി പ്രത്യേക ധനസഹായം നൽകുക. സംസ്ഥാനത്തിന്റെ മേൽ നിർദ്ദേശങ്ങളൊന്നും തന്നെ കേന്ദ്ര സർക്കാർ ബജറ്റിൽ പരിഗണിച്ചിട്ടില്ല |
| (ബി) | ഇതിൽ കേന്ദ്ര ബജറ്റ് പ്രസംഗത്തിന്റെ ഭാഗമായി ഏതൊക്കെ പദ്ധതികൾ പരിഗണിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | കോവിഡ് മഹാമാരിയെ തുടർന്നുണ്ടായിട്ടുള്ള സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായും സംസ്ഥാന സമ്പദ്ഘടനയെ പുനഃരുജ്ജീവിപ്പി-ക്കുന്നതിനായും കേന്ദ്ര ബജറ്റിൽ പ്രത്യേക സഹായ പാക്കേജുകൾ ഉൾപ്പെടുത്താൻ കേന്ദ്ര ധനകാര്യ മന്ത്രിയുമായി നടന്ന കേന്ദ്ര ബജറ്റിന് മുന്നോടിയായിട്ടുള്ള (Pre -Budget Speech) യോഗത്തിൽ ധനകാര്യ മന്ത്രി ആവശ്യപ്പെട്ടിരുന്നു. കൂടാതെ, സംസ്ഥാനങ്ങളുടെ സമ്പദ് വ്യവസ്ഥയ്ക്ക് പൊതുവിൽ ഗുണകരമാവുന്ന ചില നടപടികളും കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്തുന്നതിനായി മുന്നോട്ടു വച്ചിരുന്നു. കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാനം കേന്ദ്ര സർക്കാരിന്റെ മുമ്പാകെ സമർപ്പിച്ച പ്രധാനപ്പെട്ട ആവശ്യങ്ങൾ ചുവടെ ചേർക്കുന്നു. സമ്പദ് വ്യവസ്ഥയെ പുന:രുജ്ജീവിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ കൈകൊണ്ട ഉത്തേജന നടപടികളെ വേണ്ടവിധം പിന്തുണക്കുന്നതിനായി ഒരു പ്രതേക ഉത്തേജന പാക്കേജ് കേന്ദ്ര ബജറ്റിൽ പ്രഖ്യാപിക്കുക കോവിഡ് -19 കാരണം മടങ്ങി വരുന്ന പ്രവാസികൾക്ക് പ്രത്യേക പാക്കേജ് ജി.എസ്.ടി നഷ്ടപരിഹാരം 5 വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുക. കേന്ദ്ര ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള സംസ്ഥാന വിഹിതത്തിൽ (inter se share) ഉണ്ടായിട്ടുള്ള കുറവ് നിമിത്തം വരുമാനത്തിലുണ്ടായ നഷ്ടം നികത്തൽ. പെട്രോൾ-ഡീസൽ സെസും സർചാർജ്ജും യുക്തി സഹമാക്കുക. അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി വിദേശ ഏജൻസികളിൽ നിന്ന് കേന്ദ്ര സർക്കാർ മുഖേന ലഭ്യമാക്കുന്ന ബാഹ്യ സഹായ പദ്ധതികൾക്കുള്ള (Externally Aided Projects) വായ്പകൾ നടപ്പുസാമ്പത്തിക വർഷത്തിലേക്കും അടുത്ത രണ്ട് വർഷത്തേക്കും സംസ്ഥാനത്തിന്റെ വായ്പാ പരിധിക്ക് പുറത്ത് അനുവദിക്കുക. കേന്ദ്രവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്രവിഹിതം വർദ്ധിപ്പിക്കുക. 60:40 |

| | | | |
|---|---|---|---|
| | | | അനുപാതത്തിൽ നടപ്പിലാക്കുന്ന National Health Mission 100% കേന്ദ്രാവിഷ്കൃത പദ്ധതിയാക്കുക. സംസ്ഥാനത്തിന്റെ മുൻനിര പദ്ധതികളായ സിൽവർലൈൻ ഉൾപ്പെടെയുള്ള പദ്ധതികൾക്ക് പിന്തുണയും അനുമതിയും നൽകുക. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി പ്രത്യേക ധനസഹായം നൽകുക. സംസ്ഥാനത്തിന്റെ മേൽ നിർദ്ദേശങ്ങളൊന്നും തന്നെ കേന്ദ്ര സർക്കാർ ബജറ്റിൽ പരിഗണിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ